**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1857** **08-02-2023 - ൽ മറുപടിയ്ക്ക്**

**2024 ഒളിമ്പിക്സ് ലക്ഷ്യമാക്കിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2024-ലെ ഒളിമ്പിക്സ് ലക്ഷ്യമാക്കി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ; | (എ) | **അന്താരാഷ്ട്ര മത്സരങ്ങളിൽ വിജയിക്കാനുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് കായികതാരങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടി കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണ് കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം. ടി പദ്ധതി പ്രകാരം ഓരോ വർഷവും പത്ത് കായികതാരങ്ങൾക്ക് സാമ്പത്തികസഹായം നൽകുവാനാണ് ലക്ഷ്യമിടുന്നത്. നടപ്പ് സാമ്പത്തികവർഷത്തിൽ സാമ്പത്തികസഹായം അനുവദിക്കുന്നതിനായി കായികതാരങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.**<br><br>**2024 ഒളിമ്പിക്സ് ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന "One State One Game" പദ്ധതി പ്രകാരം കേരളത്തിന് അത്ലറ്റിക്സ് എന്ന കായിക ഇനം അനുവദിച്ചിരുന്നു. ഈ പദ്ധതി പ്രകാരം, അത്ലറ്റിക്സിൽ ഒളിമ്പിക്സ് മെഡൽ നേടുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലയിൽ ഒരു അത്ലറ്റിക് അക്കാദമി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.**<br><br>**കേരളത്തിലെ മികച്ച പ്രതിഭകളായ അത്‌ലെറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത് / ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'എലൈറ്റ് സ്കീം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.** |
| (ബി) | കളരിപ്പയറ്റ് ഉൾപ്പെടെയുള്ള ആയോധനകലകളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | **കേരളത്തിന്റെ തനത് ആയോധനകലയായ കളരിപ്പയറ്റിനെ ലോകനിലവാരത്തിലുള്ള ഒരു കായിക ഇനമാക്കുന്നത് ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കളരിപ്പയറ്റിനെ സംബന്ധിച്ച് ഒരു ആധികാരിക ഗ്രന്ഥം** |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിക്കുന്നതിന് കായിക യുവജനകാര്യാലയത്തിന്റെ പദ്ധതിവിഹിതത്തിൽ നിന്നും 7,15,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാലയുടെ സഹകരണത്തോടെ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കളരിപ്പയറ്റ് കായിക ഇനത്തിന്റെ പ്രോൽസാഹനാർത്ഥം കേരള കളരിപ്പയറ്റ് അസോസിയേഷനെ കേരള സ്റ്റേറ്റ് സപോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. അസോസിയേഷന് ചാംപ്യൻഷിപ്പുകൾ നടത്തുന്നതിലേക്കായി മാനദണ്ഡങ്ങൾ പാലിച്ച് അർഹമായ ഗ്രാൻറും അനുവദിച്ചു വരുന്നുണ്ട്. കളരിപ്പയറ്റ് കായിക ഇനത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മെഡലുകൾ കരസ്ഥമാക്കിയ കായികതാരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് സർക്കാരിന്റെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കും സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള കോളേജ് പ്രവേശനത്തിനും പരിഗണിക്കുന്നുണ്ട്. കായിക താരങ്ങൾക്ക് പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾക്ക് വെയിറ്റേജ് മാർക്കും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ